LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ തുക എത്രയാണെന്നും ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി സ്വകാര്യ മേഖലയിലാണോ നടപ്പാക്കുന്നത്; എങ്കിൽ ബന്ധപ്പെട്ട കമ്പനിയുടെ/വ്യക്തിയുടെ പേര് വ്യക്തമാക്കാമോ?

(സി &ഡി) പ്രസ്തുത പദ്ധതിയുടെ തുകയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. ഈ പ്രവൃത്തി കേന്ദ്ര ഊർജ്ജ മന്ത്രാലയം (MoP), RECTPCL എന്ന ബിഡ് പ്രോസസ്സർ കോ-ഓർഡിനേറ്റർ മുഖേന Tariff Based Competitive Biddings (TBCB) എന്ന രീതിയിൽ ടെണ്ടർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുകയിൽ കോട്ട് ചെയ്ത M/s Sterlite Power Transmission Limited (SPTL)ന് പ്രവൃത്തി ലഭിക്കുകയും ചെയ്തു. M/s. Sterlite Power Transmission Limited പിന്നീട് Uduppi Kasaragod Transmission Limited (UKTL) എന്ന പേരിൽ ഒരു SPV രൂപീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ ചെലവ് എത്രയാണെന്നും പദ്ധതി മുഖേന ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ഗുണം എന്താണെന്നും വ്യക്തമാക്കാമോ?

കേന്ദ്ര ഊർജ്ജ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ചെലവ് സംബന്ധിച്ച വിവരം ലഭ്യമല്ല. നിലവിൽ കണ്ണൂർ-കാസർഗോഡ് ജില്ലകളിലേയ്ക്ക് വൈദ്യുതി എത്തുന്നത് അരീക്കോട് 400 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി ലൈനുകൾ വഴിയാണ്. ഈ ലൈനുകളിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ പൂർണ്ണമായും ഇരുട്ടിലാവും. ഇതിനൊരു ശാശ്വത പരിഹാരമാണ് കാസർഗോഡ് കരിന്തളത്ത് വരാൻ പോകുന്ന 400 കെ.വി സബ്സ്റ്റേഷൻ. ഇവിടെ നിന്നും കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലയുടെ ഒരു ഭാഗം എന്നിവിടങ്ങളിലേയ്ക്ക് വൈദ്യുതി നല്കാനാകും. കൂടാതെ, കേരളത്തിലേയ്ക്കുള്ള പവർ ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കും. ഉത്തരകേരളത്തിൽ ഒരു പവർഹൈവേയും ഈ പദ്ധതിയിലൂടെ ലഭ്യമാകും.

സൗജന്യമായി വൈദ്യുതി ലഭിക്കുന്നത് സംബന്ധിച്ച്

200(3632) <u>ശ്രീമതി യു പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത് ആർക്കൊക്കെയെന്നും എത്ര യൂണിറ്റ് വീതമെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് താഴെപ്പറയുന്ന വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

(1) 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റ് വരെയുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾ

(2) സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് (കൃഷിഭവൻ മുഖേന)വൈദ്യുതി ബിൽ തുക ലഭ്യമാക്കി വൈദ്യുതി തികച്ചും സൗജന്യമായി നൽകുന്നു.

(3) ജീവൻ രക്ഷാ ഉപകരണങ്ങളുടെ (life supporting system) ഉപയോഗത്തിന് വൈദ്യുതി തികച്ചും സൗജന്യമായി നൽകി വരുന്നു.

(ബി) കായംകുളം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുയെന്ന് വ്യക്തമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ നിലവിൽ 15 കുടുംബങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം (വൈദ്യുതി സൗജന്യം) ലഭിക്കുന്നത്.

വൈദ്യുതി ഉല്പാദനം

201(3633) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 193.5 MW സ്ഥാപിത ശേഷിയുള്ള '10' ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ പുതുതായി '11' ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 114 MW അധിക സ്ഥാപിത ശേഷി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമേ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച്, 780 MW സ്ഥാപിത ശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാപഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, നൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.